# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 4755 23.07.15 ൽ മറുപടിയ്ക്ക്**

**കോൺഫിഡൻഷ്യൽ അസിസ്റ്റൻറ് തസ്തിക**

| *ചോദ്യം* | | *ഉത്തരം* | |
|---|---|---|---|
| | **ശ്രീ.എ. കെ.ശശീന്ദ്രൻ** | | **ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി)** |
| (എ) | വ്യവസായ വകുപ്പിൽ ഡയറക്ടറേറ്റിലും ജില്ലാ കേന്ദ്രങ്ങളിലുമായി എത്ര കോൺഫിഡൻഷ്യൽ അസിസ്റ്റൻറ് (സ്റ്റെനോ ഗ്രാഫർ) തസ്തികകളുടെ ഒഴിവുണ്ട്; | (എ) | വ്യവസായ വകുപ്പിൽ ഡയറക്ടറേറ്റിലും ജില്ലാ കേന്ദ്രങ്ങളിലുമായി കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് (സ്റ്റെനോ ഗ്രാഫർ) തസ്തികയിൽ എട്ട് ഒഴിവുകളുണ്ട്. അതിൽ മൂന്ന് ഒഴിവുകൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത തസ്തികയിൽ നിയമനം നടത്തുന്ന രീതി എങ്ങനെയാണ്; എന്തെല്ലാം യോഗ്യതയാണ് ഇതിന് നിഷ്കർഷിച്ചിരിക്കുന്നത്; | (ബി) | 1:1 എന്ന അനുപാതത്തിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നേരിട്ടും, വകുപ്പിൽ യോഗ്യരായ ടൈപ്പിസ്റ്റുമാരിൽ നിന്നും സ.ഉ. (എം.എസ്) നം.288/71/പി.ഡി തീയതി 01.09.1971 ഉത്തരവ് പ്രകാരം തസ്തികമാറ്റ നിയമനം മുഖേനയും<br><u>യോഗ്യതകൾ:</u><br>എസ്.എസ്.എൽ.സി, ടൈപ്പ്റൈറ്റിംഗ് ഇംഗ്ലീഷ് & മലയാളം (ഹയർ), ഷോർട്ട് ഹാൻഡ് ഇംഗ്ലീഷ് & മലയാളം (ലോവർ). |
| (സി) | സർക്കാർ സർവ്വീസിൽ നിലവിൽ ജോലി ചെയ്തുവരുന്ന യോഗ്യതയുള്ള ടൈപ്പിസ്റ്റുമാർക്ക് കോൺഫിഡൻഷ്യൽ അസിസ്റ്റൻറ് (സ്റ്റെനോഗ്രാഫർ) തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകുന്ന ജി.ഒ (എം.എസ്) നം: 288/71/പി.ഡി തീയതി 01.09.71 എന്ന ഉത്തരവ് ഈ വകുപ്പിന് ബാധകമാണോയെന്ന് വെളിപ്പെടുത്താമോ; | (സി) | ബാധകമാണ്. |

| | | | |
|---|---|---|---|
| (ഡി) | ടൈപ്പിസ്റ്റുമാർക്ക് ആർക്കെങ്കിലും ഈ ഉത്തരവിൻ പ്രകാരം നിയമനം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പേരുവിവരം വെളിപ്പെടുത്താമോ; | (ഡി) | താഴെപ്പറയുന്ന അഞ്ചു പേർക്ക് സ്ഥാനക്കയറ്റം നൽകിയിട്ടുണ്ട്.<br>1) ശ്രീ. എൻ. ജനാർദ്ദനപിഷാരടി<br>2) ശ്രീമതി. സി. സലോമി,<br>3) ശ്രീമതി. എം. ശകുന്തള,<br>4) ശ്രീമതി. സുലോചന,<br>5) ശ്രീ.എൻ.ബാലൻ |
| (ഇ) | നിലവിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാരായി നിയമനത്തിന് ടൈപ്പിസ്റ്റുമാർ അപേക്ഷ നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം വെളിപ്പെടുത്താമോ? | (ഇ) | താഴെപ്പറയുന്നവർ വ്യവസായ വാണിജ്യ ഡയറക്ടറേറ്റിൽ അപേക്ഷ നൽകിയിട്ടുണ്ട്:<br>1) ശ്രീമതി. ആതിര ജി.,<br>2) ശ്രീമതി. സന്ധ്യ പി.വി.,<br>3) ശ്രീമതി. സിമി എസ്.കെ.,<br>4) ശ്രീമതി. കൊച്ചുമോൾ എം. |

**സെക്ഷൻ ഓഫീസർ**